# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് ഒന്ന്

## വലിയ വെളിച്ചവും, അധികാരമുള്ളവനും, വൈദ്യനും, മണവാളനും, ചുരുങ്ങാത്ത തുണിക്കഷ്ണവും, പുതിയ വീഞ്ഞുമായ ക്രിസ്തു

EM *Hymns*: E1302, ML468

തിരുവെഴുത്ത് വായന: മത്താ. 4:16; 8:5-13; 9:9-17

മത്താ. 4:16 ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് വെളിച്ചം ഉദിച്ചു."

മത്താ. 8:5 അവൻ കഫർന്നഹൂമിലേക്കു പ്രവേശിച്ചപ്പോൾ, ഒരു ശതാധിപൻ അവന്റെ അടുക്കൽ വന്ന് അപേക്ഷിച്ച്,

മത്താ. 8:6 കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷവാതം ബാധിച്ചു ഭയങ്കരമായി യാതന സഹിച്ചുകൊണ്ട് വീട്ടിൽ കിടക്കുന്നു എന്നു പറഞ്ഞു.

മത്താ. 8:7 അവൻ അവനോട്, ഞാൻ വന്ന് അവനെ സൗഖ്യമാക്കും എന്നു പറഞ്ഞു.

മത്താ. 8:8 എന്നാൽ ശതാധിപൻ ഉത്തരം നൽകി, കർത്താവേ, നീ എന്റെ മേൽക്കൂരയിൻ കീഴിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; എന്നാൽ നീ ഒരു വാക്കു മാത്രം സംസാരിക്കേണം, എന്റെ ബാല്യക്കാരൻ സൗഖ്യമാകും.

മത്താ. 8:9 എന്തെന്നാൽ ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്, ഞാൻ ഇവനോട്, പോകുക എന്നു പറയുന്നു അവൻ പോകുന്നു; വേറൊരുവനോട്, വരുക, അവൻ വരുന്നു; എന്റെ അടിമയോട്, ഇതു ചെയ്യുക, അവൻ ചെയ്യുന്നു.

മത്താ. 8:10 ഇതു കേട്ടപ്പോൾ യേശു ആശ്ചര്യപ്പെട്ട്, പിന്നാലെ വരുന്നവരോടു പറഞ്ഞു, യിസ്രായേലിൽ ആരിലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 8:11 എന്നാൽ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു സ്വർഗരാജ്യത്തിൽ അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ മേശയിങ്കൽ ഇരിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു,

മത്താ. 8:12 എന്നാൽ രാജ്യത്തിന്റെ പുത്രന്മാരെ പുറത്തുള്ള ഇരുട്ടിലേക്ക് എറിഞ്ഞുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

മത്താ. 8:13 യേശു ശതാധിപനോട്, പോകുക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ആ നാഴികയിൽ അവന്റെ ബാല്യക്കാരൻ സൗഖ്യമായി.

മത്താ. 9:9 അവിടെനിന്നു കടന്നുപോകവേ, യേശു മത്തായി എന്നു വിളിക്കപ്പെടുന്ന ഒരു മനുഷ്യൻ ചുങ്കസ്ഥലത്തിരിക്കുന്നതു കണ്ട് അവനോട്, എന്നെ അനുഗമിക്കുക എന്നു പറഞ്ഞു. അവനോ എഴുന്നേറ്റു അവനെ അനുഗമിച്ചു.

മത്താ. 9:10 അവൻ വീട്ടിൽ മേശയിങ്കൽ ഇരിക്കുമ്പോൾ ഇതാ, അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ ഒന്നിച്ചു മേശയിങ്കൽ ഇരുന്നു.

മത്താ. 9:11 പരീശന്മാർ ഇതു കണ്ടിട്ടു അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു.

മത്താ. 9:12 ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല,

രോഗികൾക്കത്രേ ഉള്ളത്.

മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

മത്താ. 9:14 അപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ, എന്തുകൊണ്ട് ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു എന്നാൽ നിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല? എന്നു ചോദിച്ചുകൊണ്ട് അവന്റെ അടുക്കൽ വന്നു.

മത്താ. 9:15 യേശു അവരോടു പറഞ്ഞു, മണവാളൻ തങ്ങളുടെ കൂടെ ഉള്ളിടത്തോളം മണിയറയുടെ പുത്രന്മാർക്ക് വിലപിക്കുവാൻ കഴിയില്ലല്ലോ? എന്നാൽ മണവാളൻ തങ്ങളിൽ നിന്ന് എടുക്കപ്പെടുന്ന നാളുകൾ വരും, അപ്പോൾ അവർ ഉപവസിക്കും.

മത്താ. 9:16 ആരും ചുരുങ്ങാത്ത തുണിക്കഷ്ണം പഴയ വസ്ത്രത്തിൽ തുന്നിച്ചേർക്കാറില്ല, തുന്നിച്ചേർത്തഭാഗം വസ്ത്രത്തിൽനിന്നു വലിയുകയും, ചീന്തൽ കൂടുതൽ വഷളാകുകയും ചെയ്യുന്നു.

മത്താ. 9:17 പുതിയ വീഞ്ഞ് പഴയ തുരുത്തികളിലും വയ്ക്കാറില്ല; അല്ലെങ്കിൽ തുരുത്തികൾ പൊളിഞ്ഞു, വീഞ്ഞു ഒഴുകിപ്പോകുകയും, തുരുത്തികൾ നശിച്ചു പോകുകയും ചെയ്യുന്നു; പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു.

**I. ഇരുട്ടിൽ ഇരിക്കുന്നവരുടെമേൽ പ്രകാശിക്കുകയും മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവരുടെമേൽ ഉദിക്കുകയും ചെയ്യുന്ന വലിയ വെളിച്ചമാണ് ക്രിസ്തു—മത്താ. 4:16; യോഹ. 1:4-5; 12:36; എഫെ. 5:8; കൊലൊ. 1:12-13; 2 കൊരി. 4:6-7; പ്രവൃ. 26:18:**

മത്താ. 4:16 ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് വെളിച്ചം ഉദിച്ചു."

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 1:5 വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുൾ അതിനെ ജയിച്ചതുമില്ല.

യോഹ. 12:36 നിങ്ങൾ വെളിച്ചത്തിന്റെ പുത്രന്മാർ ആകേണ്ടതിന്, നിങ്ങൾക്ക് വെളിച്ചം ഉള്ളപ്പോൾ, വെളിച്ചത്തിലേക്കു വിശ്വസിക്കുവിൻ. ഈ കാര്യങ്ങൾ പറഞ്ഞശേഷം, യേശു മാറിപ്പോകുകയും അവരിൽനിന്ന് മറയ്ക്കപ്പെടുകയും ചെയ്തു.

എഫെ. 5:8 എന്തെന്നാൽ ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു;

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

A. "നമ്മുടെ ദൈവത്തിന്റെ കരുണാമയമായ മനസ്സലിവുകളാൽ, ഉയരത്തിൽനിന്ന് ഉദയസൂര്യൻ നമ്മെ സന്ദർശിക്കും, അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവരുടെമേൽ പ്രകാശിക്കുവാനും, സമാധാനത്തിന്റെ വഴിയിലേക്ക് നമ്മുടെ കാലുകളെ വഴി കാട്ടുവാനും തന്നേ."—ലൂക്കൊ. 1:78-79; 6:36; വിലാ. 3:22-23.

ലൂക്കൊ. 6:36 നിങ്ങളുടെ പിതാവ് മനസ്സലിവു നിറഞ്ഞവൻ ആകുന്നതു പോലെ നിങ്ങളും മനസ്സലിവു നിറഞ്ഞവർ ആകുവിൻ.

വിലാ. 3:22 നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;

വിലാ. 3:23 അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.

B. "എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും; നിങ്ങളും പുറപ്പെട്ട് പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും"—മലാ. 4:2; സങ്കീ. 84:11; 86:11.

സങ്കീ. 84:11 യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നല്കുന്നു; നേരോടെ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുകയില്ല.

സങ്കീ. 86:11 യഹോവേ, നിന്റെ വഴി എനിക്കു കാണിച്ചുതരേണമേ; എന്നാൽ ഞാൻ നിന്റെ സത്യത്തിൽ നടക്കും; നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഏകാഗ്രമാക്കേണമേ.

C. സങ്കീർത്തനം 22 "ഉഷസ്സിൻ മാൻപേടയ്ക്കൊത്തവണ്ണം" ആണ്—ശീർഷകം.

സങ്കീ 22 be omitted.

D. "അവനെ സ്നേഹിക്കുന്നവരോ സൂര്യൻ പ്രതാപത്തോടെ ഉദിക്കുന്നതുപോലെ ആകുന്നു"—ന്യായാ. 5:31; യെശ. 60:1, 5.

യെശ. 60:1 എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു.

യെശ. 60:5 അപ്പോൾ നീ കണ്ടു ശോഭിക്കും; ...

E. "നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അത് നട്ടുച്ചവരെ അധികമധികം ശോഭിച്ചുവരുന്നു"—സദൃ. 4:18; ഫിലി. 2:14-15.

Phil 2:14 വക്രവും വികടവുമായ തലമുറയുടെ മധ്യേ നിങ്ങൾ കുറ്റമില്ലാത്തവരും കളങ്കമില്ലാത്തവരുമായി, നിഷ്കളങ്കരായ ദൈവമക്കൾ ആകേണ്ടതിന്, സകലവും പിറുപിറുപ്പുകളും വാദങ്ങളും കൂടാതെ ചെയ്യുവിൻ,

Phil 2:15 ജീവന്റെ വചനത്തെ അവരുടെ മുമ്പാകെ വച്ചുകൊണ്ട് നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു

F. “അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും”—മത്താ. 13:43.

**II. കർത്താവ് അധികാരത്തിൻകീഴിലുള്ള മനുഷ്യനായതുകൊണ്ട് കർത്താവ് അധികാരമുള്ളവനായിരുന്നുവെന്ന് ശതാധിപൻ കണ്ടു—8:5-13:**

മത്താ. 8:5 അവൻ കഫർന്നഹൂമിലേക്കു പ്രവേശിച്ചപ്പോൾ, ഒരു ശതാധിപൻ അവന്റെ അടുക്കൽ വന്ന് അപേക്ഷിച്ച്,

മത്താ. 8:6 കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷവാതം ബാധിച്ചു ഭയങ്കരമായി യാതന സഹിച്ചുകൊണ്ട് വീട്ടിൽ കിടക്കുന്നു എന്നു പറഞ്ഞു.

മത്താ. 8:7 അവൻ അവനോട്, ഞാൻ വന്ന് അവനെ സൗഖ്യമാക്കും എന്നു പറഞ്ഞു.

മത്താ. 8:8 എന്നാൽ ശതാധിപൻ ഉത്തരം നൽകി, കർത്താവേ, നീ എന്റെ മേൽക്കൂരയിൻ കീഴിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; എന്നാൽ നീ ഒരു വാക്കു മാത്രം സംസാരിക്കേണം, എന്റെ ബാല്യക്കാരൻ സൗഖ്യമാകും.

മത്താ. 8:9 എന്തെന്നാൽ ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്, ഞാൻ ഇവനോട്, പോകുക എന്നു പറയുന്നു അവൻ പോകുന്നു; വേറൊരുവനോട്, വരുക, അവൻ വരുന്നു; എന്റെ അടിമയോട്, ഇതു ചെയ്യുക, അവൻ ചെയ്യുന്നു.

മത്താ. 8:10 ഇതു കേട്ടപ്പോൾ യേശു ആശ്ചര്യപ്പെട്ട്, പിന്നാലെ വരുന്നവരോടു പറഞ്ഞു, യിസ്രായേലിൽ ആരിലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 8:11 എന്നാൽ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു സ്വർഗരാജ്യത്തിൽ അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ മേശയിങ്കൽ ഇരിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു,

മത്താ. 8:12 എന്നാൽ രാജ്യത്തിന്റെ പുത്രന്മാരെ പുറത്തുള്ള ഇരുട്ടിലേക്ക് എറിഞ്ഞുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

മത്താ. 8:13 യേശു ശതാധിപനോട്, പോകുക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ആ നാഴികയിൽ അവന്റെ ബാല്യക്കാരൻ സൗഖ്യമായി.

A. "ഞാനും അധികാരത്തിൻ കീഴിലുള്ള മനുഷ്യൻ ആകുന്നു" എന്ന് ശതാധിപൻ പറഞ്ഞപ്പോൾ കർത്താവ് അധികാരത്തിൻ കീഴിലുള്ള ഒരു മനുഷ്യനാണെന്ന് അവൻ തിരിച്ചറിഞ്ഞു; ശതാധിപൻ അധികാരത്തിൻ കീഴിലുള്ള ഒരു മനുഷ്യനായിരുന്നതിനാൽ, അവന് കീഴിലുള്ളവരോട് കല്പിക്കുവാനുള്ള അധികാരം അവനുണ്ടായിരുന്നു—വാ. 9:

മത്താ. 8:9 എന്തെന്നാൽ ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യൻ ആകുന്നു....

1. ഭൂമിയിൽ തന്റെ മനുഷ്യത്വത്തിലുള്ള ദൈവ-മനുഷ്യൻ എന്ന നിലയിൽ, കർത്താവായ യേശു തികച്ചും പിതാവിന്റെ ദിവ്യ ജീവന്റെ ഭരണത്തിൻ കീഴിലായിരുന്നു—യോഹ. 5:19; 4:34; 17:4; 14:10, 24; 5:30; 7:18.

യോഹ. 5:19 അപ്പോൾ യേശു അവരോട് ഉത്തരം പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, പിതാവ് ചെയ്യുന്നത് എന്തെന്നു കണ്ടിട്ടല്ലാതെ പുത്രനു തന്നിൽനിന്ന് ഒന്നും ചെയ്യുവാൻ കഴിയില്ല, അവൻ ചെയ്യുന്നത് എന്തു തന്നെയായാലും, പുത്രനും അവ അങ്ങനെതന്നെ ചെയ്യുന്നു.

യോഹ. 4:34 യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു.

യോഹ. 17:4 നീ എനിക്കു ചെയ്യുവാൻ നൽകിയിരിക്കുന്ന വേല പൂർത്തിയാക്കിക്കൊണ്ട്, ഭൂമിയിൽ ഞാൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു.

യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ

എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

യോഹ. 14:24 എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനങ്ങളെ പാലിക്കുന്നില്ല; നിങ്ങൾ കേൾക്കുന്ന വചനമോ, എന്റേതല്ല, എന്നെ അയച്ച പിതാവിന്റേതത്രേ.

യോഹ. 5:30 എന്നിൽനിന്ന് എനിക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു, എന്റെ ന്യായവിധി ന്യായമുള്ളതാകുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്.

യോഹ. 7:18 തന്നിൽനിന്ന് സംസാരിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനോ, അവൻ സത്യവാൻ ആകുന്നു, അവനിൽ അനീതി ഇല്ല.

2. ഒരു മനുഷ്യനെന്ന നിലയിൽ, അവൻ തന്റെ സ്വാഭാവിക മനുഷ്യത്വത്തെ തിരസ്കരിക്കുകയും സ്വർഗീയ പിതാവിന്റെ ദിവ്യജീവന്റെ നിയന്ത്രണത്തിൻകീഴിൽ ഒരു മനുഷ്യജീവിതം നയിക്കുകയും ചെയ്തു.
3. പ്രായോഗികമായി പിതാവിന്റെ ദിവ്യജീവന്റെ ഭരണത്തിൻ കീഴിലായിരുന്നതിലൂടെ അവൻ ജീവനിൽ വാഴുകയായിരുന്നു—ഫിലി. 2:8-11.

ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

4. അവൻ പിതാവിന്റെ അധികാരത്തിൻ കീഴിലുള്ള ഒരു മനുഷ്യനായിരുന്നതുകൊണ്ട്, അവന് പിതാവിന്റെ അധികാരം ഉണ്ടായിരുന്നു.
5. നമുക്കും കർത്താവിനും ഇടയിൽ യാതൊന്നുമില്ലാതെ, ഗഭീരമായ പളുങ്കുപോലുള്ളൊരു തെളിഞ്ഞ ആകാശം (നല്ലതും ശുദ്ധവുമായ മനസ്സാക്ഷി) ഉള്ളപ്പോൾ, നമ്മിൽ കൃപ വാഴുന്നതിനാൽ ജീവനിൽ വാഴുന്നതിന് കർത്താവിന്റെ ഭരണ സാന്നിധ്യത്തിന്റെ സ്വർഗീയ സാഹചര്യവും, അന്തരീക്ഷവും, അവസ്ഥയും കൊണ്ട് നാം നിറയുന്നു—യെഹെ. 1:22, 26; വെളി. 22:1; റോമ. 5:17, 21; എബ്രാ. 4:16; പ്ര.നി. കൊലൊ. 1:13.

യെഹെ. 1:22 ജീവികളുടെ തലെക്കു മീതെ ഭയങ്കരമായോരു പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു; അതു അവയുടെ തലെക്കു മീതെ വിരിഞ്ഞിരുന്നു.

യെഹെ. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ

നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

റോമ. 5:21 എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ.

എബ്രാ. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

B. ശതാധിപൻ കർത്താവായ യേശുവിന്റെ അധികാരത്തെ തിരിച്ചറിഞ്ഞു—മത്താ. 8:9:

മത്താ. 8:9 എന്തെന്നാൽ ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്, ഞാൻ ഇവനോട്, പോകുക എന്നു പറയുന്നു അവൻ പോകുന്നു; വേറൊരുവനോട്, വരുക, അവൻ വരുന്നു; എന്റെ അടിമയോട്, ഇതു ചെയ്യുക, അവൻ ചെയ്യുന്നു.

1. കർത്താവിനെ സംബന്ധിച്ച്, അവന്റെ അധികാരം പ്രധാനമായും അവന്റെ വചനത്തിൽ പ്രയോഗിക്കപ്പെടുന്നു—വാ. 8.

   മത്താ. 8:8 എന്നാൽ ശതാധിപൻ ഉത്തരം നൽകി, കർത്താവേ, നീ എന്റെ മേൽക്കൂരയിൻ കീഴിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; എന്നാൽ നീ ഒരു വാക്കു മാത്രം സംസാരിക്കേണം, എന്റെ ബാല്യക്കാരൻ സൗഖ്യമാകും.

2. നമ്മെ സംബന്ധിച്ച്, അവനാൽ നമ്മിലേക്ക് സന്നിവേശിപ്പിക്കപ്പെട്ട വിശ്വാസം മുഖാന്തരം കർത്താവിന്റെ അധികാരം പ്രയോഗിക്കപ്പെടുന്നു—വാ. 10, 13; എബ്രാ. 12:2.

   മത്താ. 8:10 ഇതു കേട്ടപ്പോൾ യേശു ആശ്ചര്യപ്പെട്ട്, പിന്നാലെ വരുന്നവരോടു പറഞ്ഞു, യിസ്രായേലിൽ ആരിലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

   മത്താ. 8:13 യേശു ശതാധിപനോട്, പോകുക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ആ നാഴികയിൽ അവന്റെ ബാല്യക്കാരൻ സൗഖ്യമായി.

   എബ്രാ. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും

ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

C. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ അധികാരമുള്ളവനായി നമ്മെ ഉപദേശിച്ചു—മത്താ. 7:28-29; മർക്കൊ. 1:22:

മത്താ. 7:28 യേശു ഈ വചനങ്ങൾ പറഞ്ഞുതീർത്തപ്പോൾ, പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു,

മത്താ. 7:29 എന്തെന്നാൽ അവൻ അവരുടെ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരം ഉള്ളവനായിട്ടാകുന്നു അവരെ ഉപദേശിച്ചത്.

മർക്കൊ. 1:22 അവരോ അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു, എന്തെന്നാൽ അവൻ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരം ഉള്ളവനായിട്ടായിരുന്നു അവരെ ഉപദേശിച്ചത്..

1. സ്വയം-നിയമിതരായ ശാസ്ത്രിമാർ, അധികാരമോ ശക്തിയോ ഇല്ലാതെ, തങ്ങളാൽത്തന്നെ വ്യർഥമായ അറിവ് ഉപദേശിക്കുന്നു—പ്ര.നി. 2 കൊരി. 3:6, 8.

2 കൊരി. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.

2 കൊരി. 3:8 ആത്മാവിന്റെ ശുശ്രൂഷ എങ്ങനെ അധികം തേജസ്സിൽ അല്ലാതിരിക്കും?

2. ദൈവത്താലുള്ള യാഥാർഥ്യങ്ങൾ ഉപദേശിക്കുന്ന ദൈവ-അംഗീകൃതനായ ഉപദേഷ്ടാവെന്ന നിലയിൽ കർത്താവായ യേശുവിന് ജനത്തെ കീഴ്പ്പെടുത്തുവാനുള്ള ആത്മിക ശക്തി മാത്രമല്ല, അവരെ ദിവ്യ ഭരണത്തിന് വിധേയരാക്കുവാനുള്ള ദിവ്യ അധികാരവും ഉണ്ടായിരുന്നു—യെശ. 30:20-21; മത്താ. 23:8, 10.

യെശ. 30:20 കർത്താവു നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവു മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണു നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും.

യെശ. 30:21 നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽനിന്നു കേൾക്കും.

മത്താ. 23:8 എന്നാൽ നിങ്ങൾ, റബ്ബീ എന്നു വിളിക്കപ്പെടരുത്, എന്തെന്നാൽ ഒരുവനാകുന്നു നിങ്ങളുടെ ഗുരു, നിങ്ങളെല്ലാവരും സഹോദരന്മാർ ആകുന്നു.

മത്താ. 23:10 നിങ്ങൾ അധ്യാപകരെന്നും വിളിക്കപ്പെടരുത്, എന്തെന്നാൽ ഒരുവനാകുന്നു നിങ്ങളുടെ അധ്യാപകൻ, ക്രിസ്തു.

**III. രാജ്യത്തിനുവേണ്ടി തന്നെ അനുഗമിക്കുവാൻ ജനത്തെ വിളിക്കുന്നതിൽ, സ്വർഗീയ രാജ്യത്തിന്റെ രാജാവെന്ന നിലയിൽ കർത്താവായ യേശു ഒരു വൈദ്യനായി ശുശ്രൂഷിച്ചു—9: 9-13:**

മത്താ. 9:9 അവിടെനിന്നു കടന്നുപോകവേ, യേശു മത്തായി എന്നു വിളിക്കപ്പെടുന്ന ഒരു മനുഷ്യൻ ചുങ്കസ്ഥലത്തിരിക്കുന്നതു കണ്ട് അവനോട്, എന്നെ അനുഗമിക്കുക എന്നു പറഞ്ഞു. അവനോ എഴുന്നേറ്റു അവനെ അനുഗമിച്ചു.

മത്താ. 9:10 അവൻ വീട്ടിൽ മേശയിങ്കൽ ഇരിക്കുമ്പോൾ ഇതാ, അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ ഒന്നിച്ചു മേശയിങ്കൽ ഇരുന്നു.

മത്താ. 9:11 പരീശന്മാർ ഇതു കണ്ടിട്ടു അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു.

മത്താ. 9:12 ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്.

മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

A. ഒരു ന്യായാധിപന്റെ ന്യായവിധി നീതിക്കൊത്തവണ്ണമാണ്, അതേസമയം ഒരു വൈദ്യന്റെ സൗഖ്യമാക്കൽ കരുണയ്ക്കും കൃപയ്ക്കും ഒത്തവണ്ണമാണ്.

B. ദയനീയരായ നമ്മെ ഒരു ന്യായാധിപനായി കർത്താവ് സന്ദർശിച്ചിരുന്നെങ്കിൽ, നാമെല്ലാവരും കുറ്റംവിധിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുമായിരുന്നു, നമ്മിലാരും തന്നെ അവന്റെ സ്വർഗീയ രാജ്യത്തിന്റെ ജനമാകുവാൻ യോഗ്യതയുള്ളവരും തിരഞ്ഞെടുക്കപ്പെട്ടവരും വിളിക്കപ്പെട്ടവരും ആകുമായിരുന്നില്ല—8:2-16, 28-32; 9:2-11; സങ്കീ. 103:1-4; 107:17-22.

മത്താ. 8:2 ഇതാ, ഒരു കുഷ്ഠരോഗി അവന്റെ അടുക്കൽ വന്ന്, കർത്താവേ, നീ ഇച്ഛിക്കുന്നുവെങ്കിൽ എന്നെ വെടിപ്പാക്കുവാൻ നിനക്കു കഴിയും എന്നു പറഞ്ഞുകൊണ്ട് അവനെ ആരാധിച്ചു.

മത്താ. 8:3 തന്റെ കൈനീട്ടിയിട്ട്, ഞാൻ ഇച്ഛിക്കുന്നു; വെടിപ്പാകുക! എന്നു പറഞ്ഞുകൊണ്ട് അവൻ അവനെ തൊട്ടു; ഉടനെ അവന്റെ കുഷ്ഠം വെടിപ്പായിത്തീർന്നു.

മത്താ. 8:4 യേശു അവനോട്, ആരോടും പറയാതിരിക്കേണ്ടതിന് നോക്കിക്കൊള്ളുക; എന്നാൽ പോയി, നിന്നെത്തന്നെ പുരോഹിതനു കാണിക്കുകയും, അവർക്കൊരു സാക്ഷ്യത്തിനായി മോശെ കൽപ്പിച്ച ഉപഹാരം അർപ്പിക്കുകയും ചെയ്യുക എന്നു പറഞ്ഞു.

മത്താ. 8:5 അവൻ കഫർന്നഹൂമിലേക്കു പ്രവേശിച്ചപ്പോൾ, ഒരു ശതാധിപൻ അവന്റെ അടുക്കൽ വന്ന് അപേക്ഷിച്ച്,

മത്താ. 8:6 കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷവാതം ബാധിച്ചു ഭയങ്കരമായി യാതന സഹിച്ചുകൊണ്ട് വീട്ടിൽ കിടക്കുന്നു എന്നു പറഞ്ഞു.

മത്താ. 8:7 അവൻ അവനോട്, ഞാൻ വന്ന് അവനെ സൗഖ്യമാക്കും എന്നു പറഞ്ഞു.

മത്താ. 8:8 എന്നാൽ ശതാധിപൻ ഉത്തരം നൽകി, കർത്താവേ, നീ എന്റെ മേൽക്കൂരയിൻ കീഴിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; എന്നാൽ നീ ഒരു വാക്കു മാത്രം സംസാരിക്കേണം, എന്റെ ബാല്യക്കാരൻ സൗഖ്യമാകും.

മത്താ. 8:9 എന്തെന്നാൽ ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്, ഞാൻ ഇവനോട്, പോകുക എന്നു പറയുന്നു അവൻ പോകുന്നു; വേറൊരുവനോട്, വരുക, അവൻ വരുന്നു; എന്റെ അടിമയോട്, ഇതു ചെയ്യുക, അവൻ ചെയ്യുന്നു.

മത്താ. 8:10 ഇതു കേട്ടപ്പോൾ യേശു ആശ്ചര്യപ്പെട്ട്, പിന്നാലെ വരുന്നവരോടു പറഞ്ഞു, യിസ്രായേലിൽ ആരിലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 8:11 എന്നാൽ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു സ്വർഗരാജ്യത്തിൽ അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ മേശയിങ്കൽ ഇരിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു,

മത്താ. 8:12 എന്നാൽ രാജ്യത്തിന്റെ പുത്രന്മാരെ പുറത്തുള്ള ഇരുട്ടിലേക്ക് എറിഞ്ഞുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

മത്താ. 8:13 യേശു ശതാധിപനോട്, പോകുക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ആ നാഴികയിൽ അവന്റെ ബാല്യക്കാരൻ സൗഖ്യമായി.

മത്താ. 8:14 യേശു പത്രൊസിന്റെ വീട്ടിൽ വന്നപ്പോൾ, അവന്റെ അമ്മാവിയമ്മ പനിപിടിച്ചു കിടക്കുന്നതു കണ്ടു.

മത്താ. 8:15 അവൻ അവളുടെ കൈ തൊട്ടു, പനി അവളെ വിട്ടു. അവളോ എഴുന്നേറ്റ് അവനെ സേവിച്ചു.

മത്താ. 8:16 വൈകുന്നേരം ആയപ്പോൾ, അവർ അനേകം ഭൂതഗ്രസ്തരെ അവന്റെ അടുക്കൽ കൊണ്ടുവന്നു, ഒരു വാക്കിനാൽ അവൻ ആത്മാക്കളെ പുറത്താക്കി, രോഗികളായിരുന്നവരെയെല്ലാം അവൻ സൗഖ്യമാക്കി.

മത്താ. 8:28 പിന്നെ അവൻ അക്കരെ ഗദരേനരുടെ പ്രദേശത്തേക്കു വന്നപ്പോൾ, ശവക്കല്ലറകളിൽനിന്നു പുറത്തേക്കു വരുകയായിരുന്ന രണ്ടു ഭൂതഗ്രസ്തർ അവനെ കണ്ടുമുട്ടി, അവർ അത്യുഗ്രന്മാരായതിനാൽ ആർക്കും ആ വഴിയിലൂടെ കടന്നുപോകുവാൻ കഴിയുകയില്ലായിരുന്നു.

മത്താ. 8:29 ഇതാ, അവർ, ദൈവപുത്രാ, ഞങ്ങൾക്കു നീയുമായി എന്തു കാര്യം? സമയത്തിനു മുമ്പേ ഞങ്ങളെ ദണ്ഡിപ്പിക്കുവാൻ നീ ഇവിടെ വന്നുവോ? എന്നു പറഞ്ഞ് നിലവിളിച്ചു.

മത്താ. 8:30 അവരിൽ നിന്ന് അകലെ മേഞ്ഞുകൊണ്ടിരുന്ന അനേകം പന്നികളുടെ ഒരു കൂട്ടം ഉണ്ടായിരുന്നു.

മത്താ. 8:31 ഭൂതങ്ങളോ, നീ ഞങ്ങളെ പുറത്താക്കുന്നു എങ്കിൽ പന്നികളുടെ കൂട്ടത്തിലേക്കു ഞങ്ങളെ അയയ്ക്കേണം എന്ന് അവനോട് അഭ്യർഥിച്ചു.

മത്താ. 8:32 അവൻ അവരോട്, പോകുവിൻ എന്നു പറഞ്ഞു. അവരോ പുറത്തേക്കു വന്ന് പന്നികളിലേക്കു ചെന്നു. ഇതാ, ആ കൂട്ടം മുഴുവനും കുത്തനെയുള്ള ചരിവിലൂടെ താഴെ കടലിലേക്കു പാഞ്ഞു വെള്ളത്തിൽ വീണു ചത്തു.

മത്താ. 9:2 ഇതാ, കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവർ അവന്റെ അടുക്കൽ കൊണ്ടുവന്നു. യേശുവോ, അവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോട്, മകനേ, ധൈര്യമായിരിക്കുവിൻ; നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 9:3 ഇതാ, ശാസ്ത്രിമാരിൽ ചിലർ, ഈ മനുഷ്യൻ ദൈവദൂഷണം പറയുന്നു എന്നു തങ്ങളിൽത്തന്നെ പറഞ്ഞു.

മത്താ. 9:4 യേശുവോ അവരുടെ നിരൂപണങ്ങളെ അറിഞ്ഞിട്ട് പറഞ്ഞു, നിങ്ങളുടെ

ഹൃദയങ്ങളിൽ ദുഷ്കാര്യങ്ങൾ നിരൂപിക്കുന്നത് എന്തിന്?

മത്താ. 9:5 ഏതാകുന്നു കൂടുതൽ എളുപ്പം, നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്നതോ അതോ എഴുന്നേറ്റു നടക്കുക എന്നു പറയുന്നതോ?

മത്താ. 9:6 എന്നാൽ മനുഷ്യപുത്രനു ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ അധികാരമുണ്ട് എന്നു നിങ്ങൾ അറിയേണ്ടതിന്—അപ്പോൾ അവൻ പക്ഷവാതക്കാരനോട്, എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നിന്റെ വീട്ടിലേക്കു പോകുക എന്നു പറഞ്ഞു.

മത്താ. 9:7 അവനോ എഴുന്നേറ്റു തന്റെ വീട്ടിലേക്കു പോയി.

മത്താ. 9:8 പുരുഷാരം ഇതു കണ്ടിട്ട്, മനുഷ്യർക്ക് ഇങ്ങനെയുള്ള അധികാരം നൽകിയ ദൈവത്തെ ഭയപ്പെടുകയും മഹത്വപ്പെടുത്തുകയും ചെയ്തു.

മത്താ. 9:9 അവിടെനിന്നു കടന്നുപോകവേ, യേശു മത്തായി എന്നു വിളിക്കപ്പെടുന്ന ഒരു മനുഷ്യൻ ചുങ്കസ്ഥലത്തിരിക്കുന്നതു കണ്ട് അവനോട്, എന്നെ അനുഗമിക്കുക എന്നു പറഞ്ഞു. അവനോ എഴുന്നേറ്റു അവനെ അനുഗമിച്ചു.

മത്താ. 9:10 അവൻ വീട്ടിൽ മേശയിങ്കൽ ഇരിക്കുമ്പോൾ ഇതാ, അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ ഒന്നിച്ചു മേശയിങ്കൽ ഇരുന്നു.

മത്താ. 9:11 പരീശന്മാർ ഇതു കണ്ടിട്ടു അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു.

സങ്കീ. 103:1 ദാവീദിന്റെ ഒരു സങ്കീർത്തനം. എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക.

സങ്കീ. 103:2 എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.

സങ്കീ. 103:3 അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു;

സങ്കീ. 103:4 അവൻ നിന്റെ ജീവനെ നാശത്തിൽനിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു.

സങ്കീ. 107:17 ഭോഷന്മാർ തങ്ങളുടെ ലംഘനങ്ങൾ ഹേതുവായും തങ്ങളുടെ അകൃത്യങ്ങൾനിമിത്തവും കഷ്ടപ്പെട്ടു.

സങ്കീ. 107:18 അവർക്കു സകലവിധ ഭക്ഷണത്തോടും വെറുപ്പുതോന്നി; അവർ മരണവാതിലുകളോടു സമീപിച്ചിരുന്നു.

സങ്കീ. 107:19 അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു രക്ഷിച്ചു.

സങ്കീ. 107:20 അവൻ തന്റെ വചനത്തെ അയച്ചു അവരെ സൗഖ്യമാക്കി; അവരുടെ കുഴികളിൽനിന്നു അവരെ വിടുവിച്ചു.

സങ്കീ. 107:21 അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ.

സങ്കീ. 107:22 അവർ സ്തോത്രയാഗങ്ങളെ കഴിക്കയും സംഗീതത്തോടുകൂടെ അവന്റെ പ്രവൃത്തികളെ വർണ്ണിക്കയും ചെയ്യട്ടെ.

C. എങ്കിലും, ഈ ദുഷിച്ച ഭൂമിയിൽ തന്റെ സ്വർഗീയ രാജ്യം സ്ഥാപിക്കുവാൻ കഴിയുന്ന അവന്റെ പുതിയതും സ്വർഗീയവുമായ പൗരന്മാരായി നാം

പുനഃസംരചിക്കപ്പെടേണ്ടതിന് നമ്മെ സൗഖ്യമാക്കുവാനും, പ്രത്യുദ്ധരിക്കുവാനും, ജീവിപ്പിക്കുവാനും, രക്ഷിക്കുവാനും ഒരു വൈദ്യനായി ശുശ്രൂഷിക്കുവാൻ ക്രിസ്തു വന്നു.

D. "നീതിമാൻ ആരുമില്ല, ഒരുവൻ പോലുമില്ല" (റോമ. 3:10); പരീശന്മാരെപ്പോലെ എല്ലാ "നീതിമാന്മാരും" സ്വയം-നീതിമാന്മാരാണ് (ലൂക്കൊ. 18:9); ഇവരെയല്ല, പാപികളെ വിളിക്കുവാനത്രേ രാജകീയ രക്ഷകൻ വന്നത്.

ലൂക്കൊ. 18:9 തങ്ങളിൽത്തന്നെ നീതിമാന്മാർ ആകുന്നു എന്നു വിശ്വസിക്കുകയും ബാക്കിയുള്ളവരെ നിന്ദിക്കുകയും ചെയ്ത ചിലർക്കായി, അവൻ ഈ ഉപമ പറഞ്ഞു:

E. നമ്മുടെ വൈദ്യനെന്ന നിലയിൽ, നമ്മുടെ ആത്മിക രോഗങ്ങളിൽനിന്ന് നമ്മെ സൗഖ്യമാക്കിക്കൊണ്ട് കർത്താവ് പ്രധാനമായും നമ്മുടെ ആത്മാവിലും ദേഹിയിലും നമ്മെ സൗഖ്യമാക്കുന്നു; ചുങ്കക്കാരും പാപികളും ശാരീരികമായല്ല, ആത്മികമായത്രേ രോഗികളായിരുന്നത്—മത്താ. 9:10, 13; സദൃ. 4:20-23.

മത്താ. 9:10 അവൻ വീട്ടിൽ മേശയിങ്കൽ ഇരിക്കുമ്പോൾ ഇതാ, അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ ഒന്നിച്ചു മേശയിങ്കൽ ഇരുന്നു.

മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

സദൃ. 4:20 മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധതരിക; എന്റെ മൊഴികൾക്കു നിന്റെ ചെവി ചായിക്ക.

സദൃ. 4:21 അവ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുതു; നിന്റെ ഹൃദയത്തിന്റെ നടുവിൽ അവയെ സൂക്ഷിച്ചുവെക്കുക.

സദൃ. 4:22 അവയെ കിട്ടുന്നവർക്കു അവ ജീവനും അവരുടെ സർവ്വദേഹത്തിന്നും സൗഖ്യവും ആകുന്നു.

സദൃ. 4:23 സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു.

F. നാം ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അനുഭവമാക്കുകയും, ഒരു ക്രൂശിക്കപ്പെട്ട ജീവിതം നയിക്കുകയും ചെയ്യുമ്പോൾ, ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമ്മുടെ സൗഖ്യമാക്കുന്ന ശക്തിയായിത്തീരുകയും, കർത്താവ് നമ്മുടെ സൗഖ്യദായകനായിത്തീരുകയും ചെയ്യുന്നു—പുറ. 15:22-27.

പുറ. 15:22 അനന്തരം മോശെ യിസ്രായേലിനെ ചെങ്കടലിൽനിന്നു പ്രയാണം ചെയ്യിച്ചു; അവർ ശൂർമരുഭൂമിയിൽ ചെന്നു, മൂന്നു ദിവസം മരുഭൂമിയിൽ വെള്ളം കിട്ടാതെ സഞ്ചരിച്ചു.

പുറ. 15:23 മാറയിൽ എത്തിയാറെ, മാറയിലെ വെള്ളം കുടിപ്പാൻ അവർക്കു കഴിഞ്ഞില്ല; അതു കൈപ്പുള്ളതായിരുന്നു. അതുകൊണ്ടു അതിന്നു മാറാ എന്നു പേരിട്ടു.

പുറ. 15:24 അപ്പോൾ ജനം: ഞങ്ങൾ എന്തു കുടിക്കും എന്നു പറഞ്ഞു മോശെയുടെ നേരെ പിറുപിറുത്തു.

പുറ. 15:25 അവൻ യഹോവയോടു അപേക്ഷിച്ചു; യഹോവ അവന്നു ഒരു വൃക്ഷം കാണിച്ചുകൊടുത്തു. അവൻ അതു വെള്ളത്തിൽ ഇട്ടപ്പോൾ വെള്ളം മധുരമായി തീർന്നു. അവിടെവെച്ചു അവൻ അവർക്കു ഒരു ചട്ടവും പ്രമാണവും നിയമിച്ചു; അവിടെവെച്ചു അവൻ അവരെ പരീക്ഷിച്ചു:

പുറ. 15:26 നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ടു അവന്നു പ്രസാദമുള്ളതു ചെയ്കയും അവന്റെ കല്പനകളെ അനുസരിച്ചു അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല; ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു എന്നു അരുളിച്ചെയ്തു.

പുറ. 15:27 പിന്നെ അവർ ഏലീമിൽ എത്തി; അവിടെ പന്ത്രണ്ടു നീരുറവും എഴുപതു ഈത്തപ്പനയും ഉണ്ടായിരുന്നു; അവർ അവിടെ വെള്ളത്തിന്നരികെ പാളയമിറങ്ങി.

## IV. ക്രിസ്തു നമ്മുടെ മണവാളനാകുന്നു—മത്താ. 9:14-15:

മത്താ. 9:14 അപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ, എന്തുകൊണ്ട് ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു എന്നാൽ നിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല? എന്നു ചോദിച്ചുകൊണ്ട് അവന്റെ അടുക്കൽ വന്നു.

മത്താ. 9:15 യേശു അവരോടു പറഞ്ഞു, മണവാളൻ തങ്ങളുടെ കൂടെ ഉള്ളിടത്തോളം മണിയറയുടെ പുത്രന്മാർക്ക് വിലപിക്കുവാൻ കഴിയില്ലല്ലോ? എന്നാൽ മണവാളൻ തങ്ങളിൽ നിന്ന് എടുക്കപ്പെടുന്ന നാളുകൾ വരും, അപ്പോൾ അവർ ഉപവസിക്കും.

A. ഒരു വൈദ്യനും ഒരു മണവാളനും സുഖപ്രദരായ വ്യക്തികളാണ്; രാജകീയ രക്ഷകൻ ആദ്യം തന്റെ അനുയായികളെ സൗഖ്യമാക്കുകയും പിന്നീട് അവരെ മണിയറയുടെ പുത്രന്മാരാക്കുകയും ചെയ്തു; ഒടുവിൽ, അവൻ അവരെ തന്റെ മണവാട്ടിയാക്കും.

B. നമ്മുടെ ജീവൻ പ്രത്യുദ്ധരിക്കപ്പെടേണ്ടതിന് അവനെ നമ്മുടെ വൈദ്യനായി മാത്രമല്ല, അവന്റെ സാന്നിധ്യത്തിൽ ജീവിക്കുന്നതിന്റെ ആസ്വാദനമുണ്ടായിരിക്കേണ്ടതിന് നമ്മുടെ മണവാളനായും നാം അവനെ മുറുകെപ്പിടിക്കണം—ഫിലി. 3:12-13.

ഫിലി. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

ഫിലി. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

C. ക്രിസ്തുവിന്റെ മണവാട്ടിയാകുന്നതിന് ക്രിസ്തുവിന്റെ സമ്പത്തിനാൽ നമ്മെ സൗന്ദര്യവൽക്കരിക്കുവാൻ പിതാവ് ആത്മാവിനെ ഒരു ദൗത്യത്തോടുകൂടെ അയച്ചിരിക്കുന്നു—ഉല്പ. 24; എഫെ. 5:25-27.

ഉല്പ 24 be omitted.

എഫെ. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

എഫെ. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

**V. ക്രിസ്തു ചുരുങ്ങാത്ത തുണിയും നമ്മുടെ പുതിയ വസ്ത്രവും ആണ്—മത്താ. 9:16; ലൂക്കൊ. 5:36:**

മത്താ. 9:16 ആരും ചുരുങ്ങാത്ത തുണിക്കഷ്ണം പഴയ വസ്ത്രത്തിൽ തുന്നിച്ചേർക്കാറില്ല, തുന്നിച്ചേർത്തഭാഗം വസ്ത്രത്തിൽനിന്നു വലിയുകയും, ചീന്തൽ കൂടുതൽ വഷളാകുകയും ചെയ്യുന്നു.

ലൂക്കൊ. 5:36 പിന്നെ അവൻ അവരോട് ഒരു ഉപമയും പറഞ്ഞു: ആരും പുതിയ വസ്ത്രത്തിൽനിന്ന് ഒരു കഷ്ണം കീറി പഴയ വസ്ത്രത്തിന്മേൽ അതിനെ വയ്ക്കാറില്ല; അല്ലാഞ്ഞാൽ അവൻ പുതിയതു കീറുകയും, പുതിയതിൽ നിന്നുള്ള കഷ്ണം പഴയതിനോടു ചേരാതിരിക്കുകയും ചെയ്യും.

A. ചുരുങ്ങാത്ത എന്ന വാക്ക് അർഥമാക്കുന്നത് "ചീകി മിനുക്കാത്തതും, ആവിയേൽക്കാത്തതും, നനയ്ക്കാത്തതും, പൂർത്തിയാകാത്തതും, സംസ്കരിക്കപ്പെടാത്തതും" എന്നാണ്.

B. ചുരുങ്ങാത്ത തുണി, തന്റെ ജഡാവതാരം മുതൽ തന്റെ ക്രൂശുമരണം വരെയുള്ള സംസ്കരിക്കപ്പെടാത്തതും, പൂർത്തിയാകാത്തതുമായ ഒരു കഷ്ണം പുതിയ തുണിയായി ക്രിസ്തുവിനെ സൂചിപ്പിക്കുന്നു, അതേസമയം ലൂക്കൊസ് 5:36-ലെ പുതിയ വസ്ത്രം അവന്റെ ക്രൂശുമരണത്തിൽ "സംസ്കരിക്കപ്പെട്ട"തിനുശേഷമുള്ള ഒരു പുതിയ അങ്കിയായി ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

ലൂക്കൊ. 5:36 പിന്നെ അവൻ അവരോട് ഒരു ഉപമയും പറഞ്ഞു: ആരും പുതിയ വസ്ത്രത്തിൽനിന്ന് ഒരു കഷ്ണം കീറി പഴയ വസ്ത്രത്തിന്മേൽ അതിനെ വയ്ക്കാറില്ല; അല്ലാഞ്ഞാൽ അവൻ പുതിയതു കീറുകയും, പുതിയതിൽ നിന്നുള്ള കഷ്ണം പഴയതിനോടു ചേരാതിരിക്കുകയും ചെയ്യും.

C. ക്രിസ്തു ആദ്യം ഒരു പുതിയ വസ്ത്രം ഉണ്ടാക്കുന്നതിനുള്ള ചുരുങ്ങാത്ത തുണി ആയിരുന്നു, പിന്നീട് നാം ദൈവത്താൽ നീതീകരിക്കപ്പെടുകയും അവന് സ്വീകാര്യരാകുകയും ചെയ്യേണ്ടതിന് ദൈവമുമ്പാകെയുള്ള നമ്മുടെ നീതിയായി നമ്മെ ആവരണം ചെയ്യുവാൻ അവന്റെ മരണ പുനരുത്ഥാനങ്ങളിലൂടെ അവൻ ഒരു പുതിയ വസ്ത്രമാക്കപ്പെടുകയും ചെയ്തു—15:22; ഗലാ. 3:27; 1 കൊരി. 1:30; സങ്കീ. 45:13-14; വെളി. 19:8; യിരെ. 2:32.

ലൂക്കൊ. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

സങ്കീ. 45:13 അഃന്തപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളതു.

സങ്കീ. 45:14 അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും.

വെളി. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

യിരെ. 2:32 ഒരു കന്യക തന്റെ ആഭരണങ്ങളും ഒരു മണവാട്ടി തന്റെ അരക്കച്ചയും മറക്കുമോ? എന്നാൽ എന്റെ ജനം എണ്ണമില്ലാത്ത നാളായി എന്നെ മറന്നിരിക്കുന്നു.

D. ഒരു പഴയ വസ്ത്രത്തിൽ ചേർത്തു തുന്നിയ ചുരുങ്ങാത്ത തുണിക്കഷ്ണം, അതിന്റെ ചുരുങ്ങിപ്പോകുന്ന ബലം നിമിത്തം വസ്ത്രത്തിൽനിന്ന് വലിയുകയും, അങ്ങനെ ചീന്തൽ കൂടുതൽ വഷളാക്കുകയും ചെയ്യുന്നു; ഒരു പഴയ വസ്ത്രത്തോട് ചുരുങ്ങാത്ത തുണി തുന്നിച്ചേർക്കുകയെന്നാൽ, ദൈവത്താൽ നീതീകരിക്കപ്പെടുവാനും അവന് സ്വീകാര്യരാകുവാനുമായി ക്രൂശിക്കപ്പെട്ട യേശുവിനെ തങ്ങളുടെ വീണ്ടെടുപ്പുകാരനായോ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ തങ്ങളുടെ നീതിയായോ വിശ്വസിക്കാതെ ഭൂമിയിലുള്ള തന്റെ മനുഷ്യ ജീവിതത്തിൽ ക്രിസ്തു ചെയ്തതിനെ അനുകരിക്കുവാൻ ജനം ശ്രമിക്കുന്നു എന്ന് അർഥമാക്കുന്നു.

E. ക്രിസ്തുവിന്റെ മനുഷ്യ ജീവിതത്തെ അവർ അനുകരിക്കുന്നത്, അവരുടെ പഴയ സ്വാഭാവിക ജീവനാൽ ഉളവായ അവരുടെ പെരുമാറ്റത്തെ അവരുടെ "പഴയ വസ്ത്രത്തിൽ"നിന്നും “വലിയുമാറാക്കുന്നു.”

F. രാജ്യജനം ഇത് ചെയ്യുകയില്ല; അവർ ദൈവമുമ്പാകെയുള്ള അവരുടെ നീതിയായി അവരെ ആവരണം ചെയ്യുവാൻ ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തുവിനെ അവരുടെ പുതിയ വസ്ത്രമായി എടുക്കുന്നു.

**VI. ക്രിസ്തു പുതുമയുള്ള തുരുത്തിയിലേക്ക് വയ്ക്കപ്പെടുവാനുള്ള നമ്മുടെ പുതിയ വീഞ്ഞാണ്—മത്താ. 9:17:**

മത്താ. 9:17 പുതിയ വീഞ്ഞ് പഴയ തുരുത്തികളിലും വയ്ക്കാറില്ല; അല്ലെങ്കിൽ തുരുത്തികൾ പൊളിഞ്ഞു, വീഞ്ഞു ഒഴുകിപ്പോകുകയും, തുരുത്തികൾ നശിച്ചു പോകുകയും ചെയ്യുന്നു; പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു.

A. *പുതിയ* എന്നതിനുള്ള യവനപദത്തിന്റെ അർഥം "കാലസംബന്ധമായി പുതിയത്, അടുത്തകാലത്തുള്ളത്, പുതുതായി സ്വായത്തമാക്കിയത്" എന്നാണ്:

1. നമ്മെ ബലപ്പെടുത്തുകയും, നമ്മെ ഊർജസ്വലമാക്കുകയും, നമ്മെ വളരെ സന്തോഷമുള്ളവരാക്കുകയും ചെയ്യുന്ന, സന്തോഷിപ്പിക്കുന്ന ബലത്തോടുകൂടിയ പുതിയതും സന്തോഷിപ്പിക്കുന്ന ജീവനുമായ ക്രിസ്തുവിനെ പുതിയ വീഞ്ഞ് സൂചിപ്പിക്കുന്നു—ന്യായാ. 9:12-13.

ന്യായാ. 9:12 പിന്നെ വൃക്ഷങ്ങൾ മുന്തിരിവള്ളിയോടു: നീ വന്നു ഞങ്ങൾക്കു രാജാവായിരിക്ക എന്നു പറഞ്ഞു.

ന്യായാ. 9:13 മുന്തിരിവള്ളി അവയോടു: ദൈവത്തെയും മനുഷ്യനെയും ആനന്ദിപ്പിക്കുന്ന എന്റെ രസം ഞാൻ ഉപേക്ഷിച്ചു വൃക്ഷങ്ങളുടെമേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു.

2. എല്ലാ മതങ്ങളും പഴയ തുരുത്തികളാണ്; പഴയ തുരുത്തിയിൽ വയ്ക്കപ്പെടുന്ന പുതിയ വീഞ്ഞ് അതിന്റെ പുളിപ്പിക്കുന്ന ശക്തിയാൽ തുരുത്തിയുടെ തോലുകളെ പൊട്ടിക്കുന്നു; പുതിയ വീഞ്ഞ് പഴയ തുരുത്തികളിൽ വയ്ക്കുന്നത് ആവേശം പകരുന്ന ജീവനായ

ക്രിസ്തുവിനെ ഏതെങ്കിലും തരത്തിലുള്ള മതത്തിൽ ആക്കിവയ്ക്കുന്നതാണ്—മത്താ. 9:14-15.

മത്താ. 9:14 അപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ, എന്തുകൊണ്ട് ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു എന്നാൽ നിന്റെ ശിഷ്യന്മാർ ഉപവസിക്കുന്നില്ല? എന്നു ചോദിച്ചുകൊണ്ട് അവന്റെ അടുക്കൽ വന്നു.

മത്താ. 9:15 യേശു അവരോടു പറഞ്ഞു, മണവാളൻ തങ്ങളുടെ കൂടെ ഉള്ളിടത്തോളം മണിയറയുടെ പുത്രന്മാർക്ക് വിലപിക്കുവാൻ കഴിയില്ലല്ലോ? എന്നാൽ മണവാളൻ തങ്ങളിൽ നിന്ന് എടുക്കപ്പെടുന്ന നാളുകൾ വരും, അപ്പോൾ അവർ ഉപവസിക്കും.

3. മതവിശ്വാസിയായിരിക്കുകയെന്നാൽ ആത്മാവായ ക്രിസ്തുവിനെക്കൂടാതെയും അവനിൽനിന്ന് അകന്നും ദൈവത്തെ ആരാധിക്കുകയും, ദൈവത്തെ സേവിക്കുകയും, ദൈവത്തെ പ്രസാദിപ്പിക്കുവാൻ കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതാണ്—പ്ര.നി. ഗലാ. 1:14-16.

ഗലാ. 1:14 ഞാനോ എന്റെ പിതാക്കന്മാരുടെ പാരമ്പര്യങ്ങൾക്കുവേണ്ടി അത്യന്തം തീക്ഷ്ണവാനായി, എന്റെ വംശത്തിലുള്ള അനേകം സമകാലികർക്കും അപ്പുറം യെഹൂദമതത്തിൽ ഏറിവന്നു.

ഗലാ. 1:15 എന്നാൽ എന്റെ അമ്മയുടെ ഗർഭം മുതൽ എന്നെ വേർതിരിക്കുകയും തന്റെ കൃപയാൽ എന്നെ വിളിക്കുകയും ചെയ്ത ദൈവം,

ഗലാ. 1:16 ജാതികളുടെ ഇടയിൽ അവനെ സുവിശേഷമായി ഞാൻ അറിയിക്കേണ്ടതിന് തന്റെ പുത്രനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ,...

B. *പുതുമയുള്ള* എന്നതിനുള്ള യവനപദത്തിന്റെ അർഥം “പ്രകൃതത്തിലോ, ഗുണത്തിലോ, രൂപത്തിലോ പുതിയത്; പരിചയിച്ചിട്ടില്ലാത്ത, ഉപയോഗിക്കാത്ത" എന്നാണ്:

1. പുതുമയുള്ള തുരുത്തികൾ ആവേശം പകരുന്ന ജീവനെന്ന നിലയിൽ, ക്രിസ്തു തന്നെയായ, പുതിയ വീഞ്ഞിന്റെ പാത്രമായ സ്ഥലം സഭകളിലുള്ള സഭാജീവിതത്തെ സൂചിപ്പിക്കുന്നു.

2. വ്യക്തിഗത ക്രിസ്തു ആവേശം പകരുന്ന ആന്തരിക ജീവനായ പുതിയ വീഞ്ഞും, സംഘാത ക്രിസ്തു പുതിയ വീഞ്ഞിനെ പിടിച്ചുകൊള്ളുന്ന ബാഹ്യമായ പാത്രമായ പുതുമയുള്ള തുരുത്തിയും ആണ്; സംഘാത ക്രിസ്തുവായ സഭ, വ്യക്തിഗത ക്രിസ്തുവിനെ വീഞ്ഞായി ഉൾക്കൊള്ളുന്നതിനുള്ള പുതിയ തുരുത്തിയാണ്:

   a. ക്രിസ്തുവിന്റെ വികാസമെന്ന നിലയിൽ സഭ ക്രിസ്തുവിനെക്കൊണ്ട് നിറഞ്ഞതും ക്രിസ്തുവിനെക്കൊണ്ട് സംരചിക്കപ്പെട്ടതുമാണ്.

   b. ഒരുമിച്ച് സംരചിക്കപ്പെട്ടിരിക്കുന്ന അവയവങ്ങൾ ഏകശരീരവും, ഈ ശരീരം ക്രിസ്തുവുമാണ്; ക്രിസ്തു ശരീരത്തിന്റെ തലയും തലയുടെ ശരീരവുമാണ്—1 കൊരി. 12:12; പ്രവൃ. 9:5.

1 കൊരി. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ

ആകുന്നു ക്രിസ്തുവും.

പ്രവൃ. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ..

c. ക്രിസ്തു വിഭാഗിക്കപ്പെടുന്നില്ല; നിങ്ങളിലുള്ള ക്രിസ്തു എന്നിലുള്ള ക്രിസ്തുവുമായി ഒന്നാണ്, നമ്മിലുള്ള ക്രിസ്തു മറ്റെല്ലാ ക്രിസ്ത്യാനികളിലുമുള്ള ക്രിസ്തുവുമായും ഒന്നാണ്—1 കൊരി. 1:10, 13.

1 കൊരി. 1:10 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

1 കൊരി. 1:13 ക്രിസ്തു വിഭാഗിക്കപ്പെട്ടുവോ? ...

d. അതുകൊണ്ട്, അവനെക്കൊണ്ട് നിറഞ്ഞിരിക്കുന്ന അനേകം അവയവങ്ങൾ ചേരുന്ന ശരീരമാണ് ക്രിസ്തു; ഇതാണ് ക്രിസ്തുവിനെ പുതിയ വീഞ്ഞായി ഉൾക്കൊള്ളാനുള്ള സഭാജീവിതം എന്ന പുതിയ തുരുത്തി.

3. സഭാജനത്തിന്റെ ഇടയിൽ പുതിയ വസ്ത്രവും, പുതിയ വീഞ്ഞും, പുതിയ തുരുത്തിയുമെല്ലാം പ്രത്യുദ്ധരിക്കപ്പെട്ടിരിക്കുന്നു; സംഘാതമായ രീതിയിൽ നമ്മുടെ സഭാജീവിതമായി നമുക്ക് ക്രിസ്തുവുണ്ട്; തുരുത്തിയായ സഭയാണ് ദൈവത്തിന്റെ ആത്യന്തിക ലക്ഷ്യം.